പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 71** — 07/08/2017 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ഡി.കെ.മുരളി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ അപേക്ഷ നൽകിയാൽ തീരുമാനം ഉണ്ടാകുന്നതിന് കാലതാമസം ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ളത്;<br>(സി) എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്ത മാക്കാമോ; | (എ) (ബി) (സി) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം ഏർ പ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനു പകരമായി താലൂക്ക് അടിസ്ഥാനത്തിൽ തഹസിൽദാർമാരുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ധന സഹായവിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്ക് ഇപ്പോൾ സർക്കാരിൽ നിന്നും നൽകി വരുന്നു. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർ ദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) എം.എൽ.എ.മാർ മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷകൾ സംബന്ധിച്ച നിലവിലെ സ്ഥിതി അറിയുന്നതിന് ഓൺ ലൈൻ സംവിധാനം ഏർ പ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) എം.എൽ.എ.മാർ മുഖേന ലഭിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് നേരിട്ടുപരിശോധിക്കുന്ന തിനുതകം വിധമുള്ള സംവിധാനം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏർ പ്പെടുത്തുന്നതാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ